**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5812** **16-03-2023 - ൽ മറുപടിയ്ക്ക്**

**വിദേശ മെഡിക്കൽ പഠനം മുടങ്ങിയ വിദ്യാർത്ഥികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | യുദ്ധസാഹചര്യത്തിൽ യുക്രൈനിൽ നിന്ന് എം.ബി.ബി.എസ്. പഠനം പൂർത്തിയാക്കാൻ സാധിക്കാതെ സംസ്ഥാനത്തേക്ക് മടങ്ങിയ വിദ്യാർത്ഥികൾക്ക് പഠനം പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഉക്രൈനിൽ നിന്നും യുദ്ധവും അനുബന്ധ സാഹചര്യങ്ങളും കാരണം മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ തുടർ പഠനം സംബന്ധിച്ച വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെയും നാഷണൽ മെഡിക്കൽ കമ്മീഷന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇത്തരം വിദ്യാർത്ഥികളെ സഹായിക്കാൻ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉക്രൈനിൽ നിന്നും യുദ്ധവും അനുബന്ധ സാഹചര്യങ്ങളും കാരണം മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ തുടർ പഠനം സംബന്ധിച്ച വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെയും നാഷണൽ മെഡിക്കൽ കമ്മീഷന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | വിദേശ രാജ്യങ്ങളിൽ എം.ബി.ബി.എസ്. പഠനം പൂർത്തീകരിച്ച് വിവിധ കാരണങ്ങളാൽ മടങ്ങിയെത്തിയ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ജനറൽ ആശുപത്രികളിലുമായി ഹൗസ് സർജൻസി പൂർത്തിയാക്കാൻ അവസരം നൽകുമോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | വിദേശത്ത് മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശാനുസരണം സംസ്ഥാനത്ത് ഇന്റേൺഷിപ്പ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട 08.02.2023-ലെ G.O(Rt)No.305/2023/H&FWD സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ FMG വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് അനുവദിക്കുന്നതിനായി ഡി.എം.ഇ അപേക്ഷ ക്ഷണിക്കുകയും തുടർന്ന് നടത്തിയ Centralized Counselling Process-ന്റെയും Mop Up Counselling-ന്റെയും അടിസ്ഥാനത്തിൽ 305 FMG വിദ്യാർത്ഥികൾക്ക് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിനുള്ള അലോട്ട്മെന്റ് മെമ്മോ നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നും പ്രൊവിഷണൽ രജിസ്ട്രേഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് മാത്രമാണ് അലോട്ട്മെന്റ് മെമ്മോ അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ